## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1064 30.10.2019-ലെ മറുപടി

### ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ജലവിഭവ വകുപ്പ് തയ്യാറാക്കിയതും കിഫ്ബിയുടെ അനുവാദം ലഭിച്ചതുമായ ചെങ്ങന്നൂർ സമഗ്രകുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ; | എ) & ബി) | തത്വത്തിൽ അംഗീകാരം നല്കിയ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായത് 07/09/2018 ലാണ്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പാക്കേജുകളായി തിരിച്ച് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. പഞ്ചായത്തിൽ നിന്നും സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) | പ്രസ്തുത പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് വെണ്മണി പഞ്ചായത്തിലെ 15 സെന്റ് സ്ഥലം കൈമാറി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സമിതി തീരുമാനത്തോടൊപ്പം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ